# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3638 | 15.05.2017-ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള റോഡ് വികസനത്തിനായി നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അബ്ദുൽഹമീദ് പി | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റോഡ് വിപുലീകരണത്തിനും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുമായി ധാരാളം തണൽ മരങ്ങൾ മുറിച്ചു മാറ്റേണ്ടതായ സാഹചര്യം ഉളവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം സാഹചര്യങ്ങളിൽ മരം മുറിച്ചു മാറ്റാതെ വേരോടെ പിഴുത് പുനസ്ഥാപിക്കുന്ന സാങ്കേതിക വിദ്യ പരീക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇത് നല്ല ആശയമാണ്. ഈ ആശയം നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധനകളും പഠനങ്ങളും നടത്തി പരീക്ഷിക്കാവുന്നതാണ്. ഇത്തരത്തിൽ മരങ്ങൾ പിഴുതുമാറ്റി പുനസ്ഥാപിക്കുമ്പോൾ ടി മരങ്ങൾക്ക് അനുയോജ്യമായ പരിസ്ഥിതി, മണ്ണിന്റെ ഘടന, മാറ്റുന്ന മരങ്ങളുടെ പരിപാലനം എന്നിവ കൂടി പരിശോധിക്കേണ്ടതുണ്ട്. എന്നാൽ PWD യിൽ നിലവിൽ ഈ വിഷയം പരിഗണനയിലില്ല. |
| (സി) | പരിസ്ഥിതി സൗഹാർദ്ദത്തോടെയുള്ള റോഡ് വികസനത്തിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) | പുതുതായി നിർമ്മിക്കുന്ന റോഡുകളുടെ അലൈൻമെന്റും, വികസനത്തിനായി ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലങ്ങളും പരിസ്ഥിതിക്ക് ആഘാതം വരുത്തുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമാണ് തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ